**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4920** **14-03-2023 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ മെയിന്റനൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീമതി ഉമ തോമസ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ മെയിന്റനൻസിനായി അനുവദിച്ച തുകയെത്രയെന്നും ഇതിൽ എത്ര തുക ചെലവഴിച്ചുവെന്നും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; | (എ) | നിരത്തുകൾ, ദേശീയപാത വിഭാഗത്തിൽ അറ്റകുറ്റപ്പണി ഹെഡിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ പട്ടികയായി തയ്യാറാക്കിയത് അനുബന്ധം I, II ആയി ചേർക്കുന്നു. നിരത്ത് വിഭാഗത്തിൽ റണ്ണിംഗ് കോൺട്രാക്ട് വഴിയാണ് ഇപ്പോൾ ഭൂരിഭാഗം റോഡുകളിലും അറ്റകുറ്റപ്പണിയും നിരത്തു പരിപാലനവും നടത്തുന്നത്. |
| (ബി) | സംസ്ഥാനത്ത് റോഡുകളിലെ കുഴികളിൽ വീണ് ജനങ്ങൾ മരണപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികളുടെ വിശദാംശം നൽകാമോ? | (ബി) | സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ പോട്ട്ഹോൾ ഫ്രീ ആയി നിലനിർത്തുന്നതിനു വേണ്ടി വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിനായി റണ്ണിംഗ് കോൺട്രാക്ട് എന്ന നൂതന കരാർ പദ്ധതി ഈ സർക്കാർ നടപ്പിലാക്കി. ഇതിൻ പ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന റോഡുകളുടെ പരിപാലനം ഒരു വർഷത്തേയ്ക്ക് ഒരു കരാറുകാരനെ ഏൽപ്പിക്കുകയും കരാറുകാരൻ പ്രസ്തുത റോഡുകളിലെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിച്ച് റോഡ് ഗതാഗത യോഗ്യമാക്കി നിലനിറുത്തുകയും ചെയ്യുന്നു. ഇതുകൂടാതെ തിരഞ്ഞെടുക്കപ്പെടുന്ന റോഡുകളിൽ 7 വർഷത്തെ പരിപാലനം ഒരു കരാറുകാരനെ ഏൽപ്പിക്കുന്ന OPBRC പദ്ധതിയും നിലവിലുണ്ട്. കൂടാതെ പ്രവൃത്തി നടക്കുന്നയിടങ്ങളിലെ അപകടം ഒഴിവാക്കാനായി ഭരണവിഭാഗം ചീഫ് എഞ്ചിനീയറുടെ സർക്കുലർ പ്രകാരം വർക്ക് സോൺ സേഫ്റ്റിയെ സംബന്ധിച്ച് ഗൈഡ് ലൈനുകളും കർശന നിർദ്ദേശവും സൈറ്റിലെ എഞ്ചിനീയർമാർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

*Non Plan Expenditure Statement (3054)( Rs.in lakhs)*

| Year | Allotment under 3054 NP | Expenditure Under 3054 NP |
|---|---|---|
| 2016-2017 | 89467.34 | 120939.19 |
| 2017-2018 | 103788.72 | 107187.26 |
| *2018-2019 | 86905.09 | 64343.75 |
| *2019-2020 | 110996.10 | 60365.22 |
| 2020-2021 | 81506.12 | 86689.74 |
| 2021-2022 | 78745.11 | 95614.95 |
| 2022-2023 (upto 28/02/2023) | 85644.55 | 66526.52 |

*Note:- Expenditure during these years had fallen short on amount of flood but that amount started coming in during subsequent years.

Reply to LA Qn No. 4920(a), O/o the Chief Engineer, PWD, NH, Thiruvananthapuram.

Non Plan Expenditure Statement (3054) (Rs in Lakhs)

| Year | Allotment under 3054 NP | Expenditure under 3054 NP |
|---|---|---|
| 2016-17 | 525 | 326.98 |
| 2017-18 | 535 | 332.32 |
| 2018-19 | 540 | 503.24 |
| 2019-20 | 773.84 | 737.45 |
| 2020-21 | 594 | 546.81 |
| 2021-22 | 590 | 493.94 |
| 2022-23 | 594 | 282.51 |

ഭരണാനുമതി നൽകിയതിലെ ബാലൻസ് തുക തുടർവർഷങ്ങളിൽ ബില്ലുകൾ നൽകുന്ന മുറക്ക് ചെലവഴിക്കപ്പെടുകയാണ് ചെയ്യുക.

സെക്ഷൻ ഓഫീസർ.